# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.449 03.03.2020-ൽ മറുപടിയ്ക്ക്

## സംസ്ഥാന ലോട്ടറികളുടെ വില വർദ്ധന

| | ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാന ലോട്ടറികളുടെ വില വർദ്ധിപ്പിക്കുന്നത് വഴി അതിനെക്കാൾ വിലകുറഞ്ഞ ഇതര സംസ്ഥാന ലോട്ടറികളുടെ വിൽപ്പന കേരളത്തിൽ വർദ്ധിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ, ഇതിനെ മറികടക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | ഇതര സംസ്ഥാന ലോട്ടറികൾ നിലവിൽ കേരളത്തിനകത്തു വിൽപ്പന നടത്തുന്നില്ല. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികളുടെ GST കേന്ദ്ര സർക്കാർ 28% ആയി ഏകീകരിച്ചതിന്റെ പശ്ചാത്തലത്തിലാണ് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും വിൽപ്പന വില 40/- രൂപയായി ഏകീകരിക്കേണ്ടി വന്നത്. GST കൗൺസിലിൽ അന്യസംസ്ഥാന ഇടനില ലോട്ടറിയ്ക്കെതിരെ കേരളം നടത്തിയ വലിയ പോരാട്ടം എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്. അതിന്റെ ഫലമായിട്ടാണ് ഇടനിലക്കാർ വഴി നടത്തുന്ന ലോട്ടറിയ്ക്ക് 28% നികുതിയും നമ്മുടെ ലോട്ടറിയ്ക്ക് 12% നികുതിയും എന്ന സമ്പ്രദായം വന്നത്. ഇത് കോടതി പോലും അംഗീകരിച്ചതാണ്. എന്നിട്ടും നികുതി ഏകീകരിക്കുന്നതിനുള്ള നീക്കവുമായി കേന്ദ്ര സർക്കാർ മുന്നോട്ട് പോയപ്പോൾ കേരളം ശക്തമായി ചെറുത്തുനിന്നു. വോട്ടെടുപ്പിലേയ്ക്ക് കാര്യങ്ങൾ നീങ്ങിയപ്പോൾ രാഷ്ട്രീയമായി |

| | | | |
|---|---|---|---|
| | | | കേരളത്തിന്റെ നിലപാടിനൊപ്പം നിൽക്കും എന്ന് ഉറപ്പുപറഞ്ഞവർ പൊടുന്നനെ നിലപാട് മാറ്റി. ഇതിന്റെ പശ്ചാത്തലത്തിലാണ് GST ഏകീകരിക്കപ്പെട്ടത്. വിൽപ്പന വില ഉയർത്തിയത് കൊണ്ട് മാത്രം ഇതര സംസ്ഥാന ഭാഗ്യക്കുറികൾക്ക് കേരളത്തിനകത്ത് വിൽപ്പന നടത്തുവാൻ സാധിക്കുകയില്ല. കേരളത്തിനകത്ത് ഇതര സംസ്ഥാന ലോട്ടറികൾ വിൽപ്പന നടത്തണമെങ്കിൽ ഇതര സംസ്ഥാന ലോട്ടറിയുടെ സമ്മാനഘടന ഉൾപ്പെടെ കേരള സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വിശദാംശങ്ങൾക്ക് കേരള സംസ്ഥാന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതി മുൻകൂറായി വാങ്ങണമെന്ന 2018 -ലെ കേരള പേപ്പർ ലോട്ടറി (റെഗുലേഷൻ) ഭേദഗതി ചട്ടത്തിലെ വ്യവസ്ഥ പാലിച്ചാൽ മാത്രമേ ഇതര സംസ്ഥാന ലോട്ടറി കേരളത്തിൽ വിൽപ്പന നടത്തുവാൻ കഴിയുകയുള്ളൂ. സംസ്ഥാന ലോട്ടറികളുടെ വില വർദ്ധിപ്പിക്കുന്നത് വഴി അതിനേക്കാൾ വില കുറഞ്ഞ ഇതര സംസ്ഥാന ലോട്ടറികളുടെ വില്പന കേരളത്തിൽ വർദ്ധിക്കുമെന്ന് കരുതുന്നില്ല. ലോട്ടറി നടത്തിപ്പിനായി ചുമതലപ്പെടുത്തിയിരിക്കുന്ന നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയ്ക്ക് വിധേയമായി മാത്രമെ കേരളത്തിൽ അന്യസംസ്ഥാന ലോട്ടറി നടത്തുവാൻ സാധിയ്ക്കുകയുള്ളൂ. നിലവിൽ കേരളത്തിൽ മറ്റ് ലോട്ടറി നടത്തിപ്പിന് അനുമതി നൽകിയിട്ടില്ല. ഇതര സംസ്ഥാന ലോട്ടറികളുടെ കടന്നു വരവിനെ തടയുവാനായി സംസ്ഥാന ലോട്ടറി ഉൾപ്പെടെ ഇതര സംസ്ഥാന ലോട്ടറികളുടെ നടത്തിപ്പ് റെഗുലേറ്റ് |

| | | | |
|---|---|---|---|
| | | | ചെയ്യുവാനായി നികുതി വകുപ്പ് സെക്രട്ടറിയെ അധികാരപ്പെടുത്തിയിട്ടുള്ളതും സെക്രട്ടറിയുടെ അനുമതിയ്ക്കും മോണിറ്ററിംഗിങ്ങിനും വിധേയമായി മാത്രമെ കേരളത്തിനുള്ളിൽ ലോട്ടറി നടത്തുവാൻ പാടുള്ളൂവെന്ന് വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. നികുതി വകുപ്പ് സെക്രട്ടറിയുടെ അനുമതിയില്ലാതെ സംസ്ഥാനത്തേയ്ക്ക് കൊണ്ടു വരുന്ന ഭാഗ്യക്കുറി നടത്തിപ്പുകാരുടെ ടിക്കറ്റുകൾ പിടിച്ചെടുക്കുന്നതിനും അത്തരക്കാരുടെ സ്ഥാപനം അടച്ച് പൂട്ടി നിയമനടപടി കൈക്കൊള്ളുന്നതിനും കേരള സംസ്ഥാന ലോട്ടറി (റെഗുലേഷൻ) ഭേദഗതി റൂൾ (2018) വ്യവസ്ഥ ചെയ്യുന്നു. |
| (ബി) | 2018-19 സാമ്പത്തിക വർഷത്തിൽ ലോട്ടറി വിൽപ്പനയുടെ നികുതിയായി എത്ര രൂപയാണ് സർക്കാരിന് ലഭിച്ചത്; ലോട്ടറിക്ക് ജി.എസ്.ടി നിരക്കായ 28% നികുതി ഏർപ്പെടുത്തുക വഴി എത്ര അധിക നികുതിയാണ് സർക്കാരിന് ലഭിക്കുകയെന്ന കണക്കുകൾ നൽകുമോ? | (ബി) | 2018-19 സാമ്പത്തിക വർഷം ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പനയിന്മേൽ ചരക്ക് സേവന നികുതിയിനത്തിൽ ലഭ്യമായത് 1111.52 കോടി രൂപയാണ്. ഇതിൽ SGST 555.76 കോടി രൂപയും CGST 555.76 കോടി രൂപയുമാണ്.<br>ഭാഗ്യക്കുറി ടിക്കറ്റുകളുടെ 12% GST നികുതിയിൽ SGST യായി 6% ലഭിച്ചുകൊണ്ടിരുന്ന സ്ഥാനത്ത് നികുതി 28%മായി വർധിക്കുമ്പോൾ SGST യായി 14% തുക സർക്കാരിന് ലഭിക്കുന്നു. അതായത്, 8% അധിക തുക GST ഇനത്തിൽ ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ